# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

രജിസ്ട്രാറുടെ കാര്യാലയം, പൂക്കോട്, ലക്കിടി.പി.ഒ., വയനാട് – 673 576

*ഈമെയിൽ: registrar@kvasu.ac.in, officeregistry@kvasu.ac.in, ഫോൺ: 04936 209230, 209223*


നം. KVASU/GA/B1/3770/2023(3) പൂക്കോട്, തീയതി, 14/11/2023

Approved By Vijayan K (JOINT REGISTRAR) on 14/11/2023 04:56 PM
(The document is digitally approved and does not require any Seal or Signature in original)

## പരിപത്രം

വിഷയം:- കെ.വി.എ.എസ്.യു - പൊതുഭരണം - മാനേജ്മെന്റ് കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് - കരട് വോട്ടർപ്പട്ടിക പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.

സർവ്വകലാശാലയുടെ മാനേജ്മെന്റ് കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നതിനായി അധ്യാപകരുടെയും, അനധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും, സ്ഥിരം തൊഴിലാളികളുടെയും കരട് വോട്ടർപ്പട്ടിക പ്രസിദ്ധപ്പെടുത്തുന്നു. വോട്ടർപ്പട്ടികയിലെ വിവരങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയത് **02-12-2023, ശനിയാഴ്ച വൈകുന്നേരം 5.00 മണിക്ക് മുൻപായി** ഈ ഓഫീസിൽ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വൈകി കിട്ടുന്ന വിവരങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കാൻ സാധിക്കുന്നതല്ല.

എല്ലാ സ്റ്റേഷൻ/ ഓഫീസ്/ കോളേജ് മേധാവികളും അവരവരുടെ കീഴിലുള്ള അധ്യാപക, അനധ്യാപക, സ്ഥിരം തൊഴിലാളി ജീവനക്കാരിലേക്ക് ഈ പരിപത്രത്തിന്റെ ഉള്ളടക്കം എത്തിക്കേണ്ടതും, നോട്ടീസ് ബോർഡിൽ കരട് വോട്ടർപ്പട്ടിക പ്രദർശിപ്പിക്കേണ്ടതും ആണ്. കൂടാതെ എല്ലാ കോളേജ് ഡീൻ/ സ്പെഷ്യൽ ഓഫീസർമാരും അവരവരുടെ കോളേജിലെ വിദ്യാർത്ഥികളിലേക്ക് ഈ പരിപത്രത്തിന്റെ ഉള്ളടക്കവും കരട് വോട്ടർപ്പട്ടികയും എത്തിക്കേണ്ടതുമാണ്.

**വിജയൻ. കെ.**
**ജോയിൻറ് രജിസ്ട്രാർ & അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ**

ഉള്ളടക്കം: സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും അനധ്യാപകരുടെയും സ്ഥിരം തൊഴിലാളികളുടെയും കരട് വോട്ടർ പട്ടിക.

സ്വീകർത്താവ്:
1. സർവ്വകലാശാലയ്ക്ക് കീഴിലുള്ള എല്ലാ സ്റ്റേഷൻ/ ഓഫീസ്/കോളേജ് മേധാവികൾക്കും
2. ഐ.ടി. സെൽ (സർവ്വകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്കായി)

പകർപ്പ്: വൈസ് ചാൻസലറുടെ പി. എസ്. / രജിസ്ട്രാറുടെ പി. എ.